©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 ജൂലൈ 3<br>3rd July 2018<br>1193 മിഥുനം 19<br>19th Mithunam 1193<br>1940 ആഷാഢം 12<br>12th Ashadha 1940 | നമ്പർ<br>No. | 1775 |

## കേരള സർക്കാർ

നിയമ (നിയമനിർമ്മാണം-ജി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 19961/ലെഗ്.ജി2/2017/നിയമം.

*2018 ജൂലൈ 3*
തിരുവനന്തപുരം, *1193 മിഥുനം 19*
*1940 ആഷാഢം 12.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2018 ജൂലൈ 3-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,
*നിയമ സെക്രട്ടറി.*

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018

33/2599/2018/S-3.

2018-ലെ 17-ാം ആക്റ്റ്

# 2018-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ആക്റ്റ്

2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2017 ഡിസംബർ 8-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. ചില പദപ്രയോഗങ്ങളുടെ പരാമർശങ്ങൾക്ക് പകരം മറ്റ് പദപ്രയോഗങ്ങൾ ചേർക്കൽ.—2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക),—

(എ) "അക്കാദമിക സമിതി" എന്ന വാക്കുകൾ വരുന്നിടത്തെല്ലാം അതിനുപകരം "അക്കാദമിക കൗൺസിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) "നിർവ്വാഹക സമിതി" എന്ന വാക്കുകൾ വരുന്നിടത്തെല്ലാം അതിനുപകരം "സിൻഡിക്കേറ്റ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.



3. 14-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 14-ാം വകുപ്പ് (5)-ാം ഉപവകുപ്പിൽ "കഴിയുന്നത്ര വേഗം" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതും "അങ്ങനെയുള്ള അധികാരസ്ഥാനത്തിനോ നികായത്തിനോ രേഖാമൂലം റിപ്പോർട്ട് ചെയ്യേണ്ടതാണ്" എന്നീ വാക്കുകൾക്ക് പകരം "അങ്ങനെയുള്ള അധികാര സ്ഥാനത്തിന്റെയോ നികായത്തിന്റെയോ തൊട്ടടുത്ത യോഗത്തിൽ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കേണ്ടതുമാണ്.

4. 15-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 15-ാം വകുപ്പ് (3)-ാം ഉപവകുപ്പിനും ക്ലിപ്ത നിബന്ധനയ്ക്കും പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) പ്രോ-വൈസ്-ചാൻസലറുടെ നിയമന കാലാവധി നാലുവർഷക്കാലം ആയിരിക്കുന്നതാണ്.".

5. 22-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 22-ാം വകുപ്പിൽ,—

(iv) "ഗവേഷണ കൗൺസിൽ" എന്ന ഇനത്തിനുശേഷം വരുന്ന "കൂടാതെ" എന്ന വാക്ക് വിട്ടുകളയേണ്ടതും അങ്ങനെ ഭേദഗതി ചെയ്ത (iv)-ാം ഇനത്തിനുശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതുമാണ്, അതായത്:—

"(v) ബോർഡ് ഓഫ് സ്റ്റഡീസ്;

(vi) ധനകാര്യ സമിതി;

(vii) ആസൂത്രണ സമിതി;

(viii) സ്റ്റുഡൻസ് കൗൺസിൽ, കൂടാതെ"

6. 23-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 23-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ,—

(എ) "എക്സ്-ഒഫിഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ, (xv)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(xv) സർവ്വകലാശാലാ വിദ്യാർത്ഥി യൂണിയൻ ചെയർമാൻ.";

(ബി) "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ,

(ii)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ii) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരം സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്കിടയിൽ നിന്നും അവർ തെരഞ്ഞെടുക്കുന്ന ആറ് വിദ്യാർത്ഥി പ്രതിനിധികൾ, അവരിൽ മൂന്നുപേർ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും ഒരാൾ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും ഒരാൾ സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും ഒരാൾ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും ആയിരിക്കേണ്ടതാണ്; പ്രസ്തുത അംഗങ്ങളിൽ ഒരാൾ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയും ഒരാൾ വനിതയും ഒരാൾ പട്ടികജാതികളിലോ പട്ടികഗോത്രവർഗ്ഗങ്ങളിലോപ്പെട്ട വിദ്യാർത്ഥിയും ആയിരിക്കേണ്ടതാണ്;";

(സി) "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ,—

(i) (iv)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(iv) പിഎച്ച്.ഡി. ഗവേഷണത്തിന് മേൽനോട്ടം വഹിച്ചിട്ടുള്ളതും പോസ്റ്റ് ഡോക്ടറൽ പബ്ലിക്കേഷൻസുള്ളതുമായ, കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകളിൽ നിന്നുള്ള രണ്ട് വിദ്യാഭ്യാസ വിചക്ഷണർ;";

(ii) (v)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(v) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് എഞ്ചിനീയറിംഗ് കോളേജ് മേധാവികൾ അല്ലെങ്കിൽ മാനേജർമാർ, അവരിൽ ഒരാൾ എയ്ഡഡ് കോളേജിൽ നിന്നും ഒരാൾ സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജിൽ നിന്നും ഒരാൾ സ്വകാര്യ സ്വാശ്രയ കോളേജിൽ നിന്നും ആയിരിക്കേണ്ടതാണ്;";

(iii) (vi)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(vi) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, പിഎച്ച്. ഡി.-യും പത്ത് വർഷത്തെ അദ്ധ്യാപന പരിചയവുമുള്ള, രണ്ട് സർക്കാർ എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകർ, ഒരു എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകൻ, ഒരു സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകൻ, ഒരു സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകൻ; പ്രസ്തുത അംഗങ്ങളിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതികളിലോ പട്ടികഗോത്രവർഗ്ഗങ്ങളിലോ ഉൾപ്പെട്ട ആളും ഒരാൾ എഞ്ചിനീയറിംഗ് ഇതര ശാസ്ത്ര വിഷയ അദ്ധ്യാപകനും ആയിരിക്കേണ്ടതാണ്;

(vii) അനദ്ധ്യാപക ജീവനക്കാരിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം.";

(ഡി) "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ, (i)-ാം ഇനം വിട്ടുകളയേണ്ടതാണ്.



7. <u>27-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 27-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ, "എക്സ്-ഒഫീഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ,—

(എ) (xi)-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനവും ക്ലിപ്ത നിബന്ധനയും ചേർക്കേണ്ടതാണ്, അതായത്:—

"(xi) ബോർഡ് ഓഫ് ഗവർണേഴ്സിലെ വിദ്യാർത്ഥി പ്രതിനിധികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം:

എന്നാൽ, സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം വിദ്യാർത്ഥി പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് പൂർത്തിയാകാത്ത സാഹചര്യത്തിൽ, തെരഞ്ഞെടുപ്പ് പൂർത്തിയാകുന്നതുവരെ, സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ഒരു വിദ്യാർത്ഥിയെ സർക്കാരിന് നാമനിർദ്ദേശം ചെയ്യാവുന്നതാണ്;"

(ബി) (xiii)-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(xiii) ബോർഡ് ഓഫ് ഗവർണേഴ്സിലെ എഞ്ചിനീയറിംഗ് കോളേജ് മാനേജർമാരിൽ അല്ലെങ്കിൽ മേധാവികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം;".

8. <u>31-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 31-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ,—

(എ) (iii)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—